പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2993 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂളുകളുടെ അക്കാദമിക മികവ് ഉറപ്പാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഓരോ ക്ലാസിലെയും കുട്ടികൾ ആർജിക്കേണ്ട അക്കാദമിക മികവും നൈപുണികളും കൃത്യമായി നിർവചിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയ ങ്ങളിൽ കുട്ടികൾ ഓരോ വിഷയത്തിലും ആർജ്ജിക്കേണ്ട അക്കാദമിക മികവുകളും നൈപുണികളും അതത് വിഷയങ്ങളുടെ അധ്യാപകസഹായികളിൽ (Teacher Text) പാഠ്യപദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി കൃത്യമായി നിർവചിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിലൂടെയും കുട്ടികൾ നേടേണ്ട പഠന ലക്ഷ്യങ്ങൾ (Learning Objectives), അവ ആർജ്ജിക്കുന്നതിനായുള്ള പഠനപ്രവർത്തനങ്ങൾ, അനുയോജ്യമായ വിലയിരുത്തലുകൾ എന്നിവ അധ്യാപകസഹായികളിൽ വിശദമായി രേഖപ്പെടുത്തി അധ്യാപകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനും പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നതിനും നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്. കുട്ടികളുടെ പഠന നിലവാരം നിരന്തരം വിലയിരുത്തുന്നതിനായി സ്കൂളുകളിൽ വികാസപ്രദ വിലയിരുത്തൽ Formative Assessment / Continuous Evaluation (CE) ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. പഠന പ്രക്രിയയോടൊപ്പം തന്നെ കുട്ടികളുടെ പ്രകടനം വിലയിരുത്താനും പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ തുടക്കത്തിൽത്തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ നിരന്തര പിന്തുണ ഉറപ്പാക്കാനും ഈ സംവിധാനം വഴി സാധിക്കുന്നു. കൂടാതെ, അടിസ്ഥാന ശേഷികളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പിന്തുണ നൽകി മുഖ്യധാരയിലെത്തിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് 'ശ്രദ്ധ' (Shraddha) പോലുള്ള സവിശേഷ പരിഹാരബോധന പദ്ധതികളും വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്. കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിന് എൻ.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ പി.ആർ.എസ്/ നാസ്, എഫ്.എൽ.എസ് എന്നീ പീരിയോഡിക്കൽ സർവേകൾ സംസ്ഥാനത്തുനടത്തുന്നു. സംസ്ഥാനതല പഠന നേട്ടം സർവേയും കൂടാതെ ഓരോ വർഷവും ഓരോ ടേമിലും നടത്തുന്ന

വിലയിരുത്തൽ മുഖേനയും ക്ലാസ് ടെസ്റ്റുകളിലൂടെയും പഠന നിലവാരം വിലയിരുത്തുന്നുണ്ട്. പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്നതിനായി പഠന പരിപോഷണ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഈ വർഷം സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഇത്തരത്തിൽ നടപ്പിലാക്കുന്ന പഠന പോഷണ പരിപാടിയാണ് റിവൈവ് - നവജീവനം.

'ഒരുമിക്കാം, പ്രയത്നിക്കാം, മുന്നേറാം' എന്ന ശീർഷകത്തിൽ പതിനാറിന കർമ്മപരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. ഹ്രസ്വമായ കാലയളവിൽ പൂർത്തീകരിക്കേണ്ടതും ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുമായ പദ്ധതികളാണ് പരിഗണനയിലുള്ളത്. അതിൽ തന്നെ പ്രധാനപ്പെട്ട ഒരിനമാണ് നവജീവനം (റീവൈവ്) എന്ന പേരിൽ 'ഗണിത ഭാഷാ പോഷണം' പദ്ധതി.

(സി) സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത്; അധ്യാപകരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനബോധന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുന്നതിനും ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> സ്കൂളുകളിലെ അക്കാദമിക പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി കൃത്യമായ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. ഉപജില്ലാ, വിദ്യാഭ്യാസ ജില്ലാ, ജില്ലാ തലങ്ങളിലെ വിദ്യാഭ്യാസ ഉദ്യോഗസ്ഥരായ എ.ഇ.ഒ (AEO) ഡി.ഇ.ഒ (DEO) ഡി.ഡി.ഇ (DDE) ഡയറ്റ്(DIET) പ്രിൻസിപ്പൽ, ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളുകളിൽ നേരിട്ടെത്തി നിരന്തര അക്കാദമിക മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്. അധ്യാപകരുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പഠനബോധന പ്രക്രിയ കാലാനുസൃതവും ആകർഷകവുമാക്കുന്നതിനുമായി അവധിക്കാല അധ്യാപക പരിശീലനങ്ങളും അധ്യയന വർഷത്തിനിടയിൽ കൃത്യമായ ഇടവേളകളിൽ വിഷയവിഭാഗം അടിസ്ഥാനമാക്കിയുള്ള ക്ലസ്റ്റർ പരിശീലനങ്ങളും സംഘടിപ്പിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ